

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 15. മതവും ദേശീയപ്രസ്ഥാനവും

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


15 മതവും ദേശീയപ്രസ്ഥാനവും . . . . . . . . . . . . . . 1

1 സാമൂഹ്യപരിഷ്കാരങ്ങളോടുള്ള സമീപനം 2

2 നാഷണൽ കോൺഗ്രസ്സും സാമൂഹ്യപരിഷ്കാരവും . . . . . . . . . 3

3 ഹിന്ദുദേശീയവാദം . . . . . . . . . . . 4

4 മതപുനരുജ്ജീവനത്തിന്റെ രാഷ്ട്രീയസ്വഭാവം . . . . . . . . . . . 5

5 മതപുനരുജ്ജീവനത്തിന്റെ ശിഥിലീകരണസ്വഭാവം . . . . . . . 6

6 വർഗീയവാദത്തിന്റെ സാഹചര്യങ്ങൾ 7

7 വർഗീയവാദവും ദേശീയവാദവും . . . 8

8 അവിശ്വാസത്തിന്റെ അന്തരീക്ഷം . . 9

9 വർഗീയസംഘടനകൾ . . . . . . . . 10

# 15

# മതവും ദേശീയപ്രസ്ഥാനവും

മിതവാദികളും തീവ്രവാദികളും തമ്മിലുള്ള ഉരസൽ വിദേശീയ ഗവണ്മെന്റിനെതിരായ പ്രവർത്തനപരിപാടിയെ മാത്രം സംബന്ധിക്കുന്നതായിരുന്നില്ല. മതത്തോടും സാമൂഹ്യപരിഷ്കരണങ്ങളോടുമുള്ള സമീപനങ്ങളിലും അതു പ്രതിഫലിച്ചു. റാനഡെയെയും ഗോഖലെയെയും പോലുള്ള മിതവാദികൾ ആധുനികതയുടെയും സാമൂഹ്യപരിഷ്കാരത്തിന്റെയും വക്താക്കളായിരുന്നു. ഹിന്ദുമതത്തെ പരിഷ്കരിക്കാനും അതിനെ ആധുനികയുഗത്തിന്റെ ആവശ്യങ്ങൾക്ക് ഇണക്കിയെടുക്കാനും അവർ ആഗ്രഹിച്ചു. വിജ്ഞാനവിരോധത്തിനും അന്ധവിശ്വാസത്തിനും എതിരായിരുന്നു അവർ. ആധുനികശാസ്ത്രത്തിന്റെ നേട്ടങ്ങളെ അവർ ഉയർത്തിപ്പിടിച്ചു. സംയോജിത സംസ്കാരത്തിന്റെയും മതേതരത്വത്തിന്റെയും അടിസ്ഥാനത്തിൽ രാഷ്ട്രം കെട്ടിപ്പടുക്കാനും ഗോഖലെയുടെ ഭാഷയിൽ, "പൊതുപാരമ്പര്യങ്ങളിലും പൊതുവായ അഭിലാഷങ്ങളിലും എന്നല്ല, പൊതുവായ അവശതകളിൽ പോലും, അടിയുറച്ച പൊതുദേശീയബോധം" വളർത്തിക്കൊണ്ടുവരാനും അവരാഗ്രഹിച്ചു. "നാം ഒന്നാമതായി ഇന്ത്യക്കാരാണെന്നും പിന്നീട് മാത്രമേ ഹിന്ദുക്കളോ മുഹമ്മദീയരോ പാഴ്സികളോ ക്രിസ്ത്യാനികളോ ആകുന്നുള്ളൂ"വെന്നും ജനങ്ങൾ മനസ്സിലാക്കണമെന്ന് ഗോഖലെ ആഗ്രഹിച്ചു. "ഏകീകൃതവും പുനരുദ്ധരിക്കപ്പെട്ടതുമായ ഇന്ത്യ ലോകരാഷ്ട്രങ്ങൾക്കിടയിൽ അതിന്റെ മഹത്തായ ഭൂതകാലത്തിനർഹമായ ഒരു സ്ഥാനത്തേക്കു മാർച്ചുചെയ്തു മുന്നേറുന്നതിനെ"ക്കുറിച്ച് അദ്ദേഹം സ്വപ്നം കണ്ടു. [1]

1. Gopalakrishna Gokhale in the Preamble to the Constitution of the Servants of India Society.

## 1 സാമൂഹ്യപരിഷ്കാരങ്ങളോടുള്ള സമീപനം

നേരെമറിച്ച്, തീവ്രവാദികളാകട്ടെ, തീവ്രവാദവും ബഹുജനസമരത്തിനുള്ള ആവേശവുമെല്ലാമുണ്ടായിട്ടും മിതവാദികളുടെ ലിബറൽ ചിന്താഗതിയെയും പുരോഗമനപരമായ ആശയങ്ങളെയും എതിർക്കുകയാണ് ചെയ്തത്. മിതവാദികൾ പാശ്ചാത്യസംസ്കാരത്തെ അനുകരിച്ചതിന്റെ ഫലമായി ദേശീയത്വം കളഞ്ഞുകുളിച്ചുവെന്നായിരുന്ന അവരുടെ മുഖ്യവിമർശനം. പാശ്ചാത്യമായ സകലതിനും, മില്ലിന്റെയും സ്പെൻസറുടെയും ബെൻതാമിന്റെയും ആശയങ്ങൾക്കുപോലും, എതിരായിരുന്നു അവർ. "ഹിന്ദു"സംസ്കാരം പാശ്ചാത്യ സംസ്കാരത്തേക്കാൾ എത്രയോ ഉൽകൃഷ്ടമായതാണെന്നും പരമ്പരാഗതമായ ഹിന്ദുമതത്തിന് എല്ലാ യുഗങ്ങളുടെയും ആവശ്യങ്ങളെ നേരിടാനുള്ള കഴിവുണ്ടെന്നും അവർ സമർത്ഥിക്കാൻ ശ്രമിച്ചു. അവരുടെ അഭിപ്രായത്തിൽ, ഹിന്ദുമതത്തിന് പരിഷ്കരണമോ പരിവർത്തനമോ അല്ല ആവശ്യമായിട്ടുള്ളത്; പിന്നെയോ, ബഹുജനങ്ങൾക്കു മനസ്സിലാക്കാൻ കഴിയുമാറ് അതിനെ പുനർവ്യാഖ്യാനിക്കുക മാത്രമാണ്. മിതവാദികൾ സാമൂഹ്യവും മതപരവുമായ പരിഷ്കാരങ്ങൾക്കുവേണ്ടിയും അയിത്തം, ശൈശവവിവാഹം തുടങ്ങിയ സാമൂഹ്യാനാചാരങ്ങൾക്കെതിരായും ആത്മാർത്ഥമായി പ്രവർത്തിച്ചപ്പോൾ മതപരമായ പുനരുജ്ജീവനത്തിനും നിലവിലുള്ള ആചാരങ്ങളെയും പാരമ്പര്യങ്ങളെയും നിലനിർത്തുന്നതിനും വേണ്ടി പ്രവർത്തിക്കുകയാണ് തീവ്രവാദികൾ ചെയ്തത്. ഉദാഹരണത്തിന്, റാനഡെ സാമൂഹ്യപരിഷ്കാര സംഘടനകൾ രൂപവൽക്കരിച്ചുകൊണ്ടിരുന്നപ്പോൾ തീവ്രവാദിയായ തിലകൻ ഗോസംരക്ഷണസംഘങ്ങളും ഗണപതിയുത്സവങ്ങളും സംഘടിപ്പിക്കാൻ തിരക്കിട്ടു പ്രവർത്തിച്ചുവരികയായിരുന്നു. സാമൂഹ്യപരിഷ്കാരം രാഷ്ട്രീയപരിഷ്കാരത്തിന്റെ ഒരുവശ്യോപാധിയാണെന്ന് മിതവാദികൾ കരുതിയിരുന്നു. തീവ്രവാദികളാകട്ടെ, ഇന്ത്യയുടെ സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥയുടെ മൗലികകാരണം ബ്രിട്ടീഷ് ഭരണമാണെന്നും സാമൂഹ്യപരിഷ്കാരം ഹിന്ദുസാമൂഹ്യഘടനയിൽ ഛിദ്രങ്ങളുടെ വിത്തുപാകുമെന്നും അത് ബ്രിട്ടീഷുകാർക്കെതിരായ സമരത്തെ ദുർബലമാക്കുമെന്നുമാണ് വാദിച്ചത്. "രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നം ആദ്യം പരിഹരിക്കാത്തപക്ഷം നമുക്ക് സാമൂഹ്യപരിഷ്കാരങ്ങളോ ജനങ്ങളുടെ ഭൗതിക ക്ഷേമമോ നേടാൻ സാദ്ധ്യമല്ല" എന്ന് തിലകൻ ഉറപ്പിച്ചുപറഞ്ഞു. ദേശീയപ്രസ്ഥാനത്തിന്റെ ആദ്യഘട്ടങ്ങളിൽ കോൺഗ്രസിന്റെ വാർഷികസമ്മേളനങ്ങളോടൊപ്പം നടത്താറുണ്ടായിരുന്ന സാമൂഹ്യപരിഷ്കാര സമ്മേളനങ്ങൾ പിന്നീട് വേണ്ടെന്നു വെയ്ക്കുകയുണ്ടായെന്നതു ശ്രദ്ധേയമാണ്. കോൺഗ്രസ് പന്തലുകൾ പരിഷ്കരണവാദികൾക്കു നിഷേധിക്കപ്പെട്ടത് മുഖ്യമായും തീവ്രവാദികളുടെ പ്രേരണയാലായിരുന്നു.

തീവ്രവാദികൾ ജനങ്ങളുടെ വികാരങ്ങളെ തട്ടിയുണർത്താൻ ഹിന്ദുമതത്തിന്റെ ഭൂതകാലമേന്മയെ തുടർച്ചയായി ആശ്രയിച്ചുവന്നു. രാഷ്ട്രീയസമരത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടാൻ അവർ ഹിന്ദുമതത്തിലെ ദേവന്മാരെയും ദേവിമാരെയും ഉപയോഗപ്പെടുത്തി. ബഹുജനങ്ങളുടെ രാഷ്ട്രീയബോധത്തോടും വർഗ്ഗബോധത്തോടുമെന്നതിനേക്കാൾ മതവിശ്വാസങ്ങളോടും, ദുർബലവികാരങ്ങളോടുമായിരുന്നു പലപ്പോഴും അവരുടെ ഉദ്ബോധനം. എന്നാൽ, സാമൂഹ്യപരിഷ്കാരങ്ങളുടെ പ്രശ്നം വന്നപ്പോൾ അതൊരു മതപ്രശ്നമാണെന്നും ആ നിലയ്ക്ക് അത് രാഷ്ട്രീയപ്രശ്നങ്ങളുമായി കൂട്ടിക്കുഴച്ചുകൂടെന്നുമാണ് അവർ വാദിച്ചത്!

എന്നിരുന്നാലും, ഹിന്ദുമതത്തിന്റെ പരമ്പരാഗതങ്ങളായ ആചാരങ്ങളും ചടങ്ങുകളും കർശനമായി അനുഷ്ഠിക്കണമെന്നു നിഷ്കർഷിക്കുന്നതിൽ നിന്ന് ഇത് അവരെ തടയുകയുണ്ടായില്ല. മറ്റുപല വശങ്ങളിലും ഒരു ജനാധിപത്യവാദിയായിരുന്ന ലോകമാന്യതിലകൻ പോലും ഈ യാഥാസ്ഥിതികചിന്താഗതിയാണ് വെച്ചുപുലർത്തിയത്. ശൈശവവിവാഹത്തെ അദ്ദേഹം പിന്താങ്ങുകയും വിവാഹ വയസ്സ് പന്ത്രണ്ടാക്കി ഉയർത്തുന്നതിനായി സാമ്രാജ്യനിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ഒരു ബില്ലിനെ എതിർക്കുകയും ചെയ്തു. റാനഡെയും മറ്റു മിതവാദികളും ബില്ലിനെ പിന്താങ്ങുകയാണ് ചെയ്തത്.

## 2 നാഷണൽ കോൺഗ്രസ്സും സാമൂഹ്യപരിഷ്കാരവും

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് സാമൂഹ്യപരിഷ്കരണപ്രസ്ഥാനം ആരംഭിച്ചത് സാരാംശത്തിൽ ഹിന്ദുമതത്തിന്റെ ഒരു പരിഷ്കരണമെന്ന നിലയിലായിരുന്നു. യാഥാസ്ഥിതികത്വത്തിനും ഹിന്ദുമതവുമായി ബന്ധപ്പെട്ട അപരിഷ്കൃതവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായിട്ടാണ് അത് തിരിച്ചുവിടപ്പെട്ടിരുന്നത്. കോൺഗ്രസിന്റെ പല നേതാക്കളും ഈ പ്രസ്ഥാനത്താൽ അഗാധമാംവിധം സ്വാധീനിക്കപ്പെട്ടിരുന്നു. കോൺഗ്രസിന്റെ ലക്ഷ്യം ഹിന്ദുമതത്തെ ദേശീയവാദവുമായി അനുരഞ്ജിപ്പിക്കലാണെന്ന് അവരിൽ ചിലർ അവകാശപ്പെടുകപോലും ചെയ്തു. ഉദാഹരണത്തിന്, സാമൂഹ്യപരിഷ്കാര പ്രസ്ഥാനങ്ങളെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തിക്കൊണ്ട് കോൺഗ്രസിന്റെ ഔദ്യോഗികചരിത്രകാരനായ പട്ടാഭിസീതാരാമയ്യ ഇങ്ങനെ എഴുതി:

"ഈ പ്രസ്ഥാനങ്ങളെല്ലാം, യഥാർത്ഥത്തിൽ, ഇന്ത്യൻ ദേശീയത്വമാകുന്ന ചരടിലെ പല നൂലുകളായിരുന്നു; മുൻവിധികളെയും അന്ധവിശ്വാസങ്ങളെയും അകറ്റാനും പഴയ (ഹിന്ദുമത) വിശ്വാസത്തെ, വേദാന്തപരമായ ആത്മീയവാദത്തെ, പുനരുദ്ധരിക്കുകയും ശുദ്ധീകരിക്കുകയും അതിനെ പുതുയുഗത്തിലെ ദേശീയവാദവുമായി അനുരഞ്ജിപ്പിക്കുകയും ചെയ്യാനും കഴിയുമാറ് ഒരു സംശ്ലേഷണമാവിഷ്കരിക്കുകയായിരുന്നു രാഷ്ട്രത്തിന്റെ കർത്തവ്യം. ഈ മഹത്തായ ദൗത്യം നിറവേറ്റാൻ വിധിക്കപ്പെട്ടത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്". [2] എന്നാൽ, ഹിന്ദുമതത്തെ പുനരുദ്ധരിക്കാനും അതിനെ ആധുനികദേശീയവാദവുമായി അനുരഞ്ജിപ്പിക്കാനുമുള്ള പരിശ്രമം ഏറെക്കാലം തുടരാൻ കഴിഞ്ഞില്ല. എന്തെന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലമായപ്പോഴേക്ക് ഊന്നൽ യാഥാസ്ഥിതികത്വത്തിനെതിരായ പോരാട്ടത്തിൽ നിന്നും മാറി മതത്തിന്റെ പുനരുജ്ജീവനത്തിലേക്കും സംരക്ഷണത്തിലേക്കുമായി. ഈ മതപുനരുജ്ജീവനവാദം പരിഷ്കരണവിരോധത്തിന്റെ രൂപത്തിലാണ് സ്വയം പ്രകടമായത്; മാത്രമല്ല, മറ്റു മതങ്ങൾക്ക്, വിശേഷിച്ച് ഇസ്ലാമിനും ക്രിസ്തുമതത്തിനും, എതിരായിട്ടാണ് അത് അധികമധികം തിരിച്ചുവിടപ്പെട്ടത്.

ബാലഗംഗാധരതിലകൻ, ലാലാലജ്പത് റായ്, അരവിന്ദഘോഷ്. ബങ്കിംചന്ദ്ര ചാറ്റർജി എന്നിവരുടെയും രാഷ്ട്രീയപ്രസ്ഥാനത്തിലെ മറ്റനേകം തീവ്രവാദികളുടെയും പ്രവർത്തനത്തിലും ലേഖനങ്ങളിലുമാണ് മതപുനരുജ്ജീവനപരമായ ഈ വീക്ഷണഗതി ഏറ്റവുമധികം പ്രകടമായിരുന്നത്. മിതവാദികളിൽ നിന്നും വ്യത്യസ്തമായി, അവർ തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് പാശ്ചാത്യാശയങ്ങളെയല്ല, മറിച്ച് ഇന്ത്യൻ ദർശനത്തിന്റെയും ഹിന്ദു സംസ്കാരത്തിന്റെയും പൗരാണികമൂല്യങ്ങളെയാണ്, ആശ്രയിച്ചത്. ഇന്ത്യയ്ക്ക് "യൂറോപ്പിനെ അനുകരിക്കുന്ന ഒരു തവിട്ടുകരങ്ങളായി" ത്തീരാൻ വയ്യ; പ്രത്യുത, സ്വന്തം പാരമ്പര്യങ്ങളെയും സ്വന്തം ധർമ്മങ്ങളെയും പിന്തുടർന്നുകൊണ്ട് മഹത്വത്തിലേക്കുയരേണ്ടിയിരിക്കുന്ന എന്ന് അരവിന്ദൻ പ്രസ്താവിച്ചു: "ഇന്ത്യയിലെ പത്തൊമ്പതാം നൂറ്റാണ്ട് അനുകരണപരവും ആത്മവിസ്മൃതി പൂണ്ടതും കൃത്രിമവുമായിരുന്നു. ഗീതയുടെ താഴെകൊടുക്കുന്ന ആഴമേറിയ വചനം വിസ്മരിച്ചുകൊണ്ട് ഇന്ത്യയിൽ യൂറോപ്പിന്റെ വിജയകരമായ ഒരു പകർപ്പു സൃഷ്ടിക്കാനാണതു ലക്ഷ്യംവച്ചത്. 'മോശമായ നിലയിൽ അനുഷ്ഠിക്കപ്പെടുന്നതാണെങ്കിൽ കൂടി സ്വന്തം സത്തയുടെ നിയമങ്ങളാണ് നന്നായനുസരിക്കപ്പെടുന്ന അന്യധർമ്മത്തേക്കാൾ നല്ലത്. സ്വന്തം കർമ്മം അനുഷ്ഠിച്ചുകൊണ്ടു മരിക്കുന്നതു നല്ലതാണ്; മറ്റൊരുത്തന്റെ പ്രകൃതിനിയമം അനുസരിക്കുന്നത് ആപൽക്കരവും. എന്തെന്നാൽ, സ്വന്തം ധർമ്മമനുഷ്ഠിച്ചുകൊണ്ടുള്ള മരണം പുതിയ ജന്മമുളവാക്കുന്നു; അന്യമായ ഒരു മാർഗ്ഗത്തിൽ വിജയം എന്നുവെച്ചാൽ വിജയകരമായ ആത്മഹത്യ എന്നു മാത്രമാണർത്ഥം".

---

2. Pattabhi Sitaramayya: The History of the Indian National Congress, P. 22.

## 3 ഹിന്ദുദേശീയവാദം

അങ്ങനെ, ഇന്ത്യൻ ദേശീയവാദം ഹിന്ദുദേശീയ വാദമായിത്തീർന്നു. “യൂറോപ്യൻ ദേശീയവാദവും ഇന്ത്യൻ ദേശീയവാദവും തമ്മിലുള്ള മൗലികമായ വ്യത്യാസമിതാണ്: ആദ്യത്തേത് ഏറ്റവുമധികം ഊന്നുന്നത് ഭൂപരമായ ഐക്യത്തിലാണ്. രണ്ടാമത്തേതാകട്ടെ, സാംസ്കാരികൈക്യത്തിലും” [3] എന്ന് ബിപിൻചന്ദ്രപാൽ എഴുതുകയുണ്ടായി.

എന്നാൽ, വാസ്തവത്തിൽ, ഈ ഊന്നൽ ഇന്ത്യൻജനതയുടെ സാംസ്കാരികൈക്യത്തിലായിരുന്നില്ല; മറിച്ച്, പൊതുവായുള്ള ഒരു മതത്തിൽ, അതായത് ഹിന്ദുമതത്തിൽ, ആയിരുന്നു. ഉദാഹരണത്തിന്, ലജ്പത് റായിയെ സംബന്ധിച്ചിടത്തോളം, ദേശീയത്വം എന്നുവെച്ചാൽ “പൊതുവായ ഒരു പേർ, പൊതുപാരമ്പര്യം, പൊതുവായ ഒരു ചരിത്രം, പൊതുവായ ഒരു മതം, പൊതുവായ ഒരു ഭാഷ, പൊതുവായ ഒരു ഭാവി” [4] എന്നിവയായിരുന്നു. അരവിന്ദഘോഷ് ഒരു പടികൂടി മുന്നോട്ടു പോയി, ദേശീയത്വത്തെ സനാതനധർമ്മമായി വ്യാഖ്യാനിച്ചു. അദ്ദേഹം പറഞ്ഞു: “ഹിന്ദുരാഷ്ട്രം സംജാതമായത് സനാതന ധർമ്മത്തോടുകൂടിയാണ്. അതോടൊപ്പമാണ് അത് നീങ്ങുന്നത്. അതോടൊപ്പംതന്നെ വളരുകയും ചെയ്യുന്നു. സനാതനധർമ്മം അധഃപതിക്കുമ്പോൾ രാഷ്ട്രവും അധഃപതിക്കുന്നു. സനാതനധർമ്മം രാഷ്ട്രത്തോടൊപ്പം നശിച്ചുപോകുമെങ്കിൽ അതു നശിക്കും. സനാതന ധർമ്മം എന്നുവെച്ചാൽ ദേശീയത്വമാണ്”.

തീവ്രവാദികൾ ജനങ്ങളുടെ ദേശാഭിമാനപരമായ ആവേശത്തെ തട്ടിയുണർത്താൻ മതവിശ്വാസത്തെയും സാംസ്കാരിക പാരമ്പര്യങ്ങളിലുള്ള അഭിമാനത്തെയും ഉപയോഗപ്പെടുത്തി. ഈ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടാണ് തിലകൻ മഹാരാഷ്ട്രത്തിൽ ഗണപതിപൂജ, ശിവാജിവാർഷികം തുടങ്ങിയ മതാഘോഷ ചടങ്ങുകളും ഉത്സവങ്ങളും സംഘടിപ്പിച്ചത്. ആദ്യമായി 1893-ൽ, ഒരു ഹിന്ദു–മുസ്ലീം ലഹള കഴിഞ്ഞയുടനെയാണ്, ഗണപതിയുത്സവം വൻതോതിൽ ആഘോഷിക്കപ്പെട്ടത്. ഗജദേവനായ ഗണപതി ഹിന്ദുക്കളുടെ ദൃഷ്ടിയിൽ വിവേകത്തിന്റെയും വിജ്ഞാനത്തിന്റെയും പ്രതീകമായിരുന്നു. അതിനാൽ, ഈ ആഘോഷങ്ങൾ ജനങ്ങളുടെ ഭാവനയെ ആകർഷിച്ചു. ദേശീയപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് പ്രഭാഷണങ്ങളും ചർച്ചകളും നടത്തിക്കൊണ്ട് തിലകൻ ഈ ആഘോഷങ്ങൾക്ക് കൂടുതൽ വിപുലമായ പ്രാധാന്യം നൽകാൻ ശ്രമിച്ചു. ഇത്തരത്തിലുള്ള ഉത്സവങ്ങൾ ബംഗാളിലും മറ്റു സംസ്ഥാനങ്ങളിലും സംഘടിപ്പിക്കപ്പെട്ടു. ബ്രിട്ടീഷുകാർക്കെതിരായി മാത്രമല്ല, മുസ്ലീങ്ങൾക്കെതിരായും, തിരിച്ചുവിടപ്പെട്ടവയായിരുന്നു ഈ ഉത്സവങ്ങൾ.

---

3. B. C. Pal: Soul of India, P. 134.
4. Lala Lajpat Rai: The Man in his Word, P. 46.

## 4 മതപുനരുജ്ജീവനത്തിന്റെ രാഷ്ട്രീയസ്വഭാവം

ഇങ്ങനെ, രാഷ്ട്രീയമായ തീവ്രവാദവും മതപരമായ പുനരുജ്ജീവനവാദവും കൈകോർത്തുപിടിച്ചു നീങ്ങാൻ തുടങ്ങി. ഭീകരവാദം പോലും ഹിന്ദുമത ഭക്തിയിൽ നിന്നു പ്രചോദനമുൾക്കൊണ്ടിരുന്നു. ദേവീപൂജ വിപ്ലവകാരികൾക്കിടയിൽ പ്രചുരപ്രചാരമാർജിച്ചു. കാളി, ദുർഗ്ഗ തുടങ്ങിയ ഹിന്ദുദേവിമാർ ദേശീയപരിവർത്തനത്തിന്റെ വിവിധഘട്ടങ്ങളുടെ പ്രതീകങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു. ദേവീപൂജ മാതൃഭൂമിയുടെ വിമോചനസമരവുമായി കൂട്ടിയിണക്കപ്പെട്ടു. ബിപിൻചന്ദ്രപാൽ പറയുകയുണ്ടായി: "ദുർഗ്ഗ നമ്മെ സംബന്ധിച്ചിടത്തോളം, ഒരു പുരാണേതിഹാസ കഥാപാത്രമല്ല; പിന്നെയോ, ഭാരതീയ ജനസമുദായത്തിന്റെ നിത്യചൈതന്യത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രതീകമാണ്; ശാശ്വതമായ സ്നേഹം, അനിവാര്യമായ പ്രതികാരം എന്നീ ദ്വിമുഖങ്ങളോടുകൂടിയ അനന്തശക്തിയുടെ ഒരു പ്രതീകമാണ്. ഈ പ്രതീകത്തിലൂടെയാണ് ശാശ്വതസ്നേഹം ലോകത്തിൽ സാക്ഷാൽക്കരിക്കപ്പെടേണ്ടിയിരിക്കുന്നതു. [5]

ബങ്കിംചന്ദ്രന്റെ "വന്ദേമാതരം" എന്ന ദേശഭക്തിഗാനം—ഇതാണ് ദേശീയഗാനമായി കോൺഗ്രസ് അംഗീകരിച്ചത്—ഭാരതമാതാവിനെ ദുർഗ്ഗാദേവിയുമായി സാത്മ്യപ്പെടുത്തി. ഭാരതമാതാവ് ദുർഗ്ഗാമാതാവായി വാഴ്ത്തപ്പെട്ടു. നമ്മുടെ ക്ഷേത്രങ്ങളിൽ പ്രശോഭിക്കുന്ന ഓരോ പവിത്രപ്രതിമയും മാതാവാണ്. സുജലയും സുഫലയും സസ്യശ്യാമളയും ഫുല്ലകുസുമിതദ്രുമദളശോഭിനിയും സുഖദയും വരദയും ആയ ആ മാതാവിനെ വന്ദിക്കുന്നതിങ്ങനെയാണ്:

> "ത്വം ഹി ദുർഗാ ദശപ്രഹരണ ധാരിണീ
> കമലാകമലദല വിഹാരിണീ
> വാണീ വിദ്യാദായിനീ, നമാമി ത്വാം"

ബിപിൻചന്ദ്രപാൽ എഴുതി: "ദേവന്മാരുടെയും ദേവിമാരുടെയും പഴയ പ്രതിരൂപങ്ങളുടെ ഈ വ്യാഖ്യാനം രാജ്യത്തിൽ നിലനിൽക്കുന്ന ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും പുതിയൊരർത്ഥം പ്രദാനം ചെയ്തു. ജനകോടികൾ ജഗദ് ധാത്രിയെയോ കാളിയെയോ ദുർഗ്ഗയെയോ ആരാധിക്കുന്ന അവസരത്തിൽ വന്ദേമാതരമെന്ന ആവേശജനകമായ മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഭക്ത്യാവേശങ്ങളോടെയാണ് അവരെ സംബോധന ചെയ്തിരുന്നത്. ഇവരെല്ലാം തന്നെ ഇന്ത്യയിലെ ഹിന്ദുക്കളുടെ, വിശേഷിച്ചും ബംഗാളി ഹിന്ദുക്കളുടെ, ആരാധനാപാത്രങ്ങളാണ്. മാത്രമല്ല, ഈ പ്രതീകങ്ങൾക്കുണ്ടായ രൂപാന്തരീകരണം ഇന്നത്തെ പ്രസ്ഥാനത്തിന്റെ ആഴത്തിന്റെയും ശക്തിയുടെയും കാരണം മാത്രമല്ല, അവയുടെ തെളിവുമാണ്. പഴയ ദേവന്മാരുടെയും ദേവിമാരുടെയും ഈ അത്ഭുതകരമായ രൂപപരിണാമം പുതിയ ദേശീയവാദത്തിന്റെ സന്ദേശം രാജ്യത്തെ സ്ത്രീകളുടെയും ബഹുജനങ്ങളുടെയും അടുക്കലേക്കെത്തിച്ചുകൊണ്ടിരിക്കുകയാണ്".

---

5. B. C. Pal: The New Spirit.

# 5 മതപുനരുജ്ജീവനത്തിന്റെ ശിഥിലീകരണസ്വഭാവം

മതപരമായ പ്രതീകങ്ങൾ ദേശീയവാദത്തിന്റെ സന്ദേശത്തെ ബഹുജനങ്ങളുടെ അടുക്കലേക്കെത്തിക്കാൻ തീവ്രവാദി നേതാക്കളെ സഹായിച്ചു എന്നതുനേരാണ്. എന്നാൽ, അത് പ്രസ്ഥാനത്തിന്റെ ആഴത്തിന്റെയും ശക്തിയുടെയും തെളിവായിരുന്നില്ല. നേരെമറിച്ച്, അത് ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും ഏകീകൃതമായ ദേശീയപ്രസ്ഥാനത്തിന്റെ വികാസത്തിന് അനിവാര്യമായും തടസ്സമായിത്തീരുകയാണ് ചെയ്തത്. എന്തുകൊണ്ടെന്നാൽ, മതപരമായ പുനരുജ്ജീവനവാദം ആധുനികപാശ്ചാത്യ ചിന്തകളെ മാത്രമല്ല, അവനവന്റെ സ്വന്തം മതത്തിന്റെ ആചാരങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനനുസൃതമല്ലാത്ത സകലതിനെയും തിരസ്കരിച്ചു. ഹിന്ദു പുനരുജ്ജീവന വാദത്തിന്റെ ഒറ്റ തിരിഞ്ഞുള്ള നിൽപ്പ് സ്വാഭാവികമായി മുസ്ലീം പുനരുജ്ജീവനവാദത്തിന്റെ സമാന്തരവികാസത്തിനും വഴിവെച്ചു. “വേദങ്ങളിലേക്കു മടങ്ങിപ്പോവുക” എന്ന മുറവിളിക്കെതിരായി “ഖുർ-ആനിലേക്കു മടങ്ങിപ്പോവുക” എന്ന മുറവിളി ഉയർന്നുവന്നു. തങ്ങളുടെ അനുയായികളെ വൈദികകാലത്തിലേക്കു തിരിച്ചുകൊണ്ടു പോകാൻ ശ്രമിച്ച ഹിന്ദുപുനരുജ്ജീവന വാദികളെ സംബന്ധിച്ചിടത്തോളം, ഇന്ത്യ എന്നുവെച്ചാൽ ഹിന്ദു ഇന്ത്യയും ഇന്ത്യൻ സംസ്കാരമെന്നുവെച്ചാൽ ഹിന്ദു സംസ്കാരവുമായിരുന്നു. ആര്യന്മാരുടെ ആഗമനത്തിന് എത്രയോ മുമ്പുതന്നെ ഇന്ത്യൻ സംസ്കാരത്തിന്റെ പ്രാഥമിക ഘടകങ്ങൾ ആവിർഭവിച്ചുകഴിഞ്ഞിരുന്നു എന്നും ആര്യേതരമായ ആ അതിപ്രാചീനസംസ്കാരവും വൈദികസംസ്കാരവും തമ്മിലുണ്ടായ സംശ്ലേഷണത്തിലൂടെയാണ് ഇന്ത്യൻ സംസ്കാരം വികസിച്ചത് എന്നും ഈ സംശ്ലിതസംസ്കാരത്തിന് ഹിന്ദുക്കൾ മാത്രമല്ല, മുസ്ലീങ്ങളും ക്രിസ്ത്യാനികളും പാർസികളും സംഭാവനകൾ നൽകിയിട്ടുണ്ടെന്നും മറ്റുമുള്ള ചരിത്രവസ്തുതകളുടെ നേർക്കു നോക്കാൻ അവർ തയ്യാറായിരുന്നില്ല. ഹിന്ദുസംസ്കാരത്തിന്റെ അന്തസ്സു വീണ്ടെടുക്കാനുള്ള ഒരുപാധിയായിട്ടാണ് അവർ ദേശീയസ്വാതന്ത്ര്യത്തെ വീക്ഷിച്ചത്. അക്ബറുടെ കാലത്തെ ഇസ്ലാമിലേക്കോ സുൽത്താൻവാഴ്ചക്കാലത്തെ പുരോഗമനവാദികളായ സൂഫികളുടെ സിദ്ധാന്തങ്ങളിലേക്കോ അല്ല, പ്രത്യുത മറുനാടുകളിലെ യാഥാസ്ഥിതികരായ മതപുരോഹിതന്മാർ വ്യാഖ്യാനിച്ചിരുന്ന തരത്തിലുള്ള ഇസ്ലാമിലേക്കാണ് മുസ്ലീം പുനരുജ്ജീവനവാദികൾ തങ്ങളുടെ അനുയായികളെ നയിക്കാൻ നോക്കിയത്. അവരുടെ പുരാണങ്ങളും വീരനായകന്മാരും മതച്ചട്ടങ്ങളും ഇന്ത്യയുടേതായിരുന്നില്ല. പിന്നെയോ, അറേബ്യയിലേതോ ഖലീഫാ ഭരണത്തിന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിലേതോ ആയിരുന്നു. അവരുടെ “പുണ്യഭൂമി”യോടുള്ള ഭക്തി ദേശീയത്വത്തിന്റെ അടിത്തറ തകർക്കുന്നതായിരുന്നു. അവരുടെ ദേശീയത്വം കടുത്ത ഇസ്ലാം വാദത്തിന്റെ പ്രതീകമായിരുന്നു.

മതത്തിന്റെയും ദേശീയതയുടെയും ഒരു മിശ്രിതമെന്ന നിലയിലാണ് പുനരുജ്ജീവനവാദം ആവിർഭവിച്ചത്. ഹിന്ദു പുനരുജ്ജീവനവാദം മുസ്ലീം പുനരുജ്ജീവനവാദത്തെ വളർത്തുകയും രണ്ടും ചേർന്ന് ഇന്ത്യയിൽ വർഗീയവാദത്തിന്റെ വളർച്ചയ്ക്കു വഴിതെളിക്കുകയും ചെയ്തു.

# 6 വർഗീയവാദത്തിന്റെ സാഹചര്യങ്ങൾ

ഇന്ത്യയിൽ വർഗീയവാദം ബ്രിട്ടീഷ് ഭരണാധികാരിവർഗ്ഗത്തിന്റെ ഒരു സൃഷ്ടിയാണെന്ന അഭിപ്രായം പല രാഷ്ട്രീയനേതാക്കളും പ്രകടിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, രാജേന്ദ്രപ്രസാദ് അഭിപ്രായപ്പെടുകയുണ്ടായി: "ഈ പ്രശ്നം ഒരു ബ്രിട്ടീഷ് സൃഷ്ടിയാണെന്ന് ഇന്ത്യയിൽ രാഷ്ട്രീയബോധമുള്ള വലിയൊരു വിഭാഗം ആളുകൾ ദൃഢമായി അഭിപ്രായപ്പെട്ടുവരുന്നുണ്ട്. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന കാലാകാലമായുള്ള നയത്താൽ പ്രചോദിപ്പിക്കപ്പെട്ടു വന്നതാണത്. ഈ ഭരണം നീണ്ടുനിൽക്കുന്ന കാലത്തോളം ഭിന്നിപ്പും തുടരാതിരിക്കുകയില്ല".

ജനങ്ങൾക്കിടയിലെ വിഭാഗീയതകളും അഭിപ്രായഭിന്നതകളും ബ്രിട്ടീഷ് ഭരണാധികാരികൾ തങ്ങൾക്കനുകൂലമായി സമർത്ഥമാംവിധം ചൂഷണം ചെയ്യുകയും ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള സ്പർധകളെ മനഃപൂർവ്വം മൂർഛിപ്പിക്കുകയും അങ്ങനെ വർഗീയവാദത്തിന്റെ വളർച്ചയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കുവഹിക്കുകയും ചെയ്തു എന്നത് നേരാണ്. എന്നാൽ, വർഗീയവാദത്തിന്റെ ഉത്ഭവത്തിന് അവരുടെ "ഭിന്നിപ്പിച്ചുഭരിക്കൽ" നയം മാത്രമാണ് കാരണമെന്ന് ആരോപിക്കുന്നത് ചരിത്രപരമായി തെറ്റായിരിക്കും. വസ്തുനിഷ്ഠമായ സ്ഥിതിവിശേഷത്തിലന്തർലീനമായ ദൗർബല്യവും ദേശീയവിമോചനസമരത്തിന്റെ സാഹചര്യങ്ങളും ഹിന്ദുമുസ്ലീം നേതാക്കളുടെ വീക്ഷണഗതികളിലുണ്ടായ വ്യത്യാസങ്ങളും വിഭാഗീയതകളെ വളർത്താൻ സഹായിച്ച കർമ്മപരിപാടികളും ആത്മനിഷ്ഠങ്ങളായ മറ്റു ഘടകങ്ങളും വഹിച്ച പങ്ക് കുറച്ചുകാണുന്നത് ശരിയായിരിക്കുകയില്ല. ഇന്ത്യയിൽ റാം മോഹൻ റായിയും റാനഡെയും സമാരംഭിച്ച നവോത്ഥാനപ്രസ്ഥാനം പാശ്ചാത്യ ലിബറലിസത്തിൽ നിന്നു പ്രചോദനം കൊള്ളുകയുണ്ടായി എന്നതിവിടെ സ്മരണീയമാണ്. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയിൽ അക്രമവും ചൂഷണവും മർദ്ദനവും നടത്തിയെന്നത് ശരിയാണ്. എങ്കിലും, പാശ്ചാത്യ ചിന്തകളുമായുള്ള സമ്പർക്കം ഒരു ആധുനിക രാഷ്ട്രമെന്ന നിലയിലേക്കുള്ള ഇന്ത്യയുടെ പരിവർത്തനത്തിനാവശ്യമായ പ്രധാനപൂർവോപാധികളിൽ ചിലതു നിലവിൽ കൊണ്ടുവരാൻ സഹായകമായിരുന്നു എന്ന വസ്തുത നിഷേധിക്കാൻ പാടില്ല. ബ്രിട്ടീഷ് ഭരണത്തെത്തുടർന്നുണ്ടായ വമ്പിച്ച രാഷ്ട്രീയ–സാമ്പത്തികപരിവർത്തനങ്ങൾ—രാജ്യത്തിന്റെ രാഷ്ട്രീയമായ ഏകീകരണവും ഭരണപരമായ കേന്ദ്രീകരണവും ഗ്രാമസമൂഹത്തിന്റെ തകർച്ച, ഗതാഗതവാർത്താവിനിമയ മാർഗ്ഗങ്ങളുടെ വികസനം, ആധുനികവ്യവസായങ്ങളുടെ ആവിർഭാവവും വിനിമയത്തിന്റെ വികാസവും, സർവോപരി, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം—സാമൂഹ്യവും ബൗദ്ധികവുമായ ഒരു വമ്പിച്ച മുന്നേറ്റത്തിന് ഉത്തേജനം നൽകുകയും നിലവിലുള്ള സാമൂഹ്യബന്ധങ്ങളുടെയും മതവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടി തുരക്കാൻ സഹായിക്കുകയും അങ്ങനെ ആധുനികദേശീയവാദത്തിനു വഴിതെളിക്കുകയും ചെയ്തു.

എന്നാൽ, ഈ മാറ്റം ധ്രുതതരമോ സുഗമമോ ആയിരുന്നില്ല. യുക്തിചിന്തയും ലിബറലിസവും പുതിയ ശാസ്ത്രീയ മനോഭാവവും രാജ്യത്തിന്റെ സാമ്പത്തികമായ പിന്നോക്കാവസ്ഥയ്ക്ക് നിരക്കുന്നവയായിരുന്നില്ല. ചെറിയൊരു ഭാഗം ജനങ്ങളെ മാത്രമേ അവയാകർഷിച്ചിരുന്നുള്ളൂ. ജനങ്ങളിൽ ബഹുഭൂരിപക്ഷവും ശാസ്ത്രീയാശയങ്ങളെക്കുറിച്ച് അജ്ഞരും പുതിയ നാഗരികതയെക്കുറിച്ച് സംശയാലുക്കളുമായിരുന്നു. ബുദ്ധിജീവികളിലൊരു വിഭാഗവും ദേശീയപ്രസ്ഥാനത്തിന്റെ ചില നേതാക്കളും അറുപഴഞ്ചൻ സാമൂഹ്യാചാരങ്ങളുടെയും അപരിഷ്കൃതങ്ങളായ മതവിശ്വാസങ്ങളുടെയും അനുകൂലികളായിരുന്നു. പുതിയ ഭരണാധികാരിവർഗ്ഗത്തിന്റെ വംശാഭിമാനപരമായ ധിക്കാരം അവരുടെ മതവികാരങ്ങളെയും ദേശാഭിമാനത്തെയും വ്രണപ്പെടുത്തി. അതിനാൽ, തങ്ങളുടെ മതം തങ്ങളെ കീഴടക്കിയവരുടേതിനേക്കാൾ ഉൽകൃഷ്ടമാണെന്നു തെളിയിക്കുക എന്ന കടമയാണവർ ഏറ്റെടുത്തത്. വംശാഭിമാനപരമായ ധിക്കാരത്തിനുള്ള മറുപടിയായിരുന്ന മതപരമായ ആഭിജാത്യബോധം. പാശ്ചാത്യരാജ്യങ്ങളിൽ നിന്നു വരുന്നതെന്തും മ്ലേച്ഛമാണെന്നും പൗരസ്ത്യരുടെ ഭൂതകാലസംസ്കാരം പാശ്ചാത്യരുടെ ആധുനികസംസ്കാരത്തേക്കാൾ ശ്രേഷ്ഠമാണെന്നും വാദിക്കപ്പെട്ടു. ശാസ്ത്രീയാശയങ്ങൾ പാശ്ചാത്യാശയങ്ങളായും മുതലാളിത്തബന്ധങ്ങളുടെ ഉയർച്ച "ഭൗതിക" പരിഷ്കാരമായും വ്യാഖ്യാനിക്കപ്പെട്ടു. പാശ്ചാത്യാധിപത്യത്തിനെതിരായ സമരം ആധുനികാശയങ്ങൾക്കെതിരായ സമരത്തെ വളർത്തിക്കൊണ്ടുവന്നു. അങ്ങനെ ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള രാഷ്ട്രീയബന്ധം പഴമയും പുതുമയും തമ്മിലുള്ള സമരത്തെ വികൃതമാക്കിത്തീർത്തു. ബ്രഹ്മസമാജത്തിന്റെ അധഃപതനത്തെക്കുറിച്ചെഴുതുന്നതിനിടയിൽ ബിപിൻചന്ദ്രപാൽ ഇങ്ങനെ രേഖപ്പെടുത്തുകയുണ്ടായി: "ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഇന്ത്യക്കാരുടെ പുതിയ തലമുറയും ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥവൃന്ദവും തമ്മിലുള്ള രാഷ്ട്രീയസംഘർഷം, യൂറോപ്യൻ ആധുനികതയും ഇന്ത്യയുടെ മധ്യകാലാശയങ്ങളും തമ്മിലുള്ള കൂടുതൽ മൗലികമായ സാംസ്കാരികസംഘർഷം—ഇവ രണ്ടും കൂടി ഏറെത്താമസിയാതെ തന്നെ വിദേശാധിപത്യത്തിനെതിരായി പുതിയൊരു കലാപത്തെ ഇളക്കിവിട്ടു. ഇതിനേത്തുടർന്ന് ദേശീയമായ പുതിയൊരാത്മബോധം വളർന്നുവന്നു. പുതുതായി കണ്ടെത്തിപ്പിടിച്ച വംശാഭിമാനത്തിന്റെയും സാംസ്കാരികാഭിമാനത്തിന്റെയും ആദ്യത്തെ മുന്നേറ്റത്തിൽ ഈ പുതിയ ബോധം വിദേശീയമായ എന്തിനെയും, അതിൽ അന്തർലീനമായ ശക്തിയുടെയോ മൂല്യത്തിന്റെയോ പരിഗണനയെന്യേ, നിഷേധിക്കാൻ തുടങ്ങി. മുൻകാലങ്ങളിൽ വ്യാജമെന്നും ഹാനികരമെന്നും പറഞ്ഞ് പരസ്യമായി നിഷേധിക്കപ്പെട്ടിരുന്ന സാമൂഹ്യസ്ഥാപനങ്ങൾ, മതപരവും ആത്മീയവുമായ പ്രവണതകൾ മുതലായവയെപ്പോലും അനുകൂലിച്ചുകൊണ്ടുള്ള പുതിയ വാദങ്ങൾ ഉന്നയിക്കപ്പെട്ടു". [6]

മതപരമായ ഒരു ജനസമുദായമെന്ന നിലയിൽ മുസ്ലീങ്ങൾ രാഷ്ട്രീയമായും സാമ്പത്തികമായും ഹിന്ദുക്കളേക്കാൾ ദുർബലരായിരുന്നു. എങ്കിലും അവർക്കിടയിലും ഏറെക്കുറെ ഹിന്ദുക്കൾക്കിടയിലുണ്ടായതുപോലെയുള്ള മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു. 1857-ലെ കലാപത്തിനുശേഷം ബ്രിട്ടീഷ് ഗവണ്മെന്റ് അവരെ പ്രത്യേകം വേർതിരിച്ചു മർദ്ദിക്കുകയും പ്രതികാരനടപടികൾ കൈക്കൊള്ളുകയും അങ്ങനെ അവരുടെ സമരാവേശം മിക്കവാറും ഊറ്റിക്കളയുകയും ചെയ്തു. ഹിന്ദുക്കളും മുസ്ലീങ്ങളും, ഇരുകൂട്ടരും, ആ കലാപത്തിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. എങ്കിലും, നെഹ്റു ചൂണ്ടിക്കാണിച്ചതുപോലെ, "1857-നുശേഷം ബ്രിട്ടീഷുകാരുടെ കനത്ത കൈ ഹിന്ദുക്കളുടേതിനേക്കാൾ മുസ്ലീങ്ങളുടെ മേലാണ് അധികം വന്നുവീണത്. അവർ മുസ്ലീങ്ങളെ കൂടുതൽ ആക്രമണകാരികളും സമരോദ്യുക്തരും ഇന്ത്യയിലെ സമീപകാലവാഴ്ചയെക്കുറിച്ചുള്ള സ്മരണകൾ നിലനിർത്തുന്നവരും തന്മൂലം കൂടുതൽ ആപൽക്കാരികളുമായി പരിഗണിച്ചു". [7]

ഹിന്ദുക്കൾക്കിടയിലെ പ്രബുദ്ധവിഭാഗങ്ങൾ മുസ്ലീങ്ങളെക്കാൾ വളരെ നേരത്തെ ആധുനികവിദ്യാഭ്യാസം നേടുകയും ഗവണ്മെന്റ് സർവീസുകളിൽ കടന്നുകൂടുകയും ചെയ്തിരുന്നു. ഭാഗികമായി ബ്രിട്ടീഷ് ഭരണാധികാരികളുടെ വിവേചനപരമായ അടവുകളുടെ ഫലമായും ഭാഗികമായി മതപരമായ അശാസ്ത്രീയതയും അന്ധവിശ്വാസവും വളർത്തിക്കൊണ്ട് മതേതരവിദ്യാഭ്യാസത്തെ എതിർത്ത ഉലെമാക്കളുടെ സ്വാധീനത്തിന്റെ ഫലമായും മുസ്ലീങ്ങൾ പിന്നണിയിലായിപ്പോയി. സർ സയ്യദ് അഹമ്മദ്ഖാനാണ് പാശ്ചാത്യപരിഷ്കാരത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലീങ്ങൾക്ക് വിദ്യാഭ്യാസം നൽകാനുള്ള ആദ്യത്തെ പരിശ്രമം നടത്തിയത്. റാം മോഹൻ റായ്, റാനഡെ തുടങ്ങിയ ഹിന്ദുമത പരിഷ്കർത്താക്കളെപ്പോലെ തന്നെ അദ്ദേഹവും യാഥാസ്ഥിതികരായ ഉലെമാക്കൾ പ്രദർശിപ്പിച്ചുവന്ന മതപുനരുദ്ധാരണ പ്രവണതകളെ എതിർത്തു. തന്റെ മതം ശാസ്ത്രത്തിന്റെയും ലിബറലിസത്തിന്റെയും ജനാധിപത്യത്തിന്റെയും ആധുനികാശയങ്ങളുമായി നിരക്കാത്തതല്ലെന്നു തെളിയിച്ചു കാട്ടാൻ അദ്ദേഹവും വളരെയേറെ ഉത്സാഹിച്ചു. ഗവണ്മെന്റിനെ എതിർത്തുകൊണ്ടല്ല മറിച്ച്, ഗവണ്മെന്റിനോട് സഹകരിച്ചുകൊണ്ടാണ് മുസ്ലീം ജനസമുദായത്തിന്റെ താൽപര്യങ്ങളെ പുരോഗമിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചത്.

---

6. Bipin Chandra Pal: Memories of my Life and Times in the Days of My Youth, P. 424.
7. Nehru: Autobiography, P. 460.

# 7 വർഗീയവാദവും ദേശീയവാദവും

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അഭിലാഷങ്ങൾ നീതിയുക്തങ്ങളല്ലെന്നും അതിനാൽ അതിൽ ചേരുന്നതു മുസ്ലീങ്ങളുടെ ഉത്തമതാൽപ്പര്യങ്ങൾക്കെതിരാണെന്നും സർ സയ്യദ് കരുതി. ഒരുവശത്ത് ഇംഗ്ലീഷുകാരുടെ സ്വാധീനവും മറുവശത്ത് കോൺഗ്രസ് നേതാക്കളുടെ ഹിന്ദുദേശീയവാദവും അദ്ദേഹത്തിന്റെ വിഭാഗീയ നിലപാടുകളെ ശക്തിപ്പെടുത്തി. 1885-ൽ ആണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപവൽക്കരിക്കപ്പെട്ടത്. മൂന്നു കൊല്ലങ്ങൾക്കുശേഷം, 1888-ൽ സർ സയ്യദ് അഹമ്മദ്ഖാൻ "കോൺഗ്രസ്സിന്റെ അനുകൂലികൾ രാജ്യത്തൊട്ടുക്കും കുത്തിയിളക്കിക്കൊണ്ടിരിക്കുന്നതും ബ്രിട്ടീഷ് ഗവണ്മെന്റിനെതിരായി ജനങ്ങൾക്കിടയിൽ വമ്പിച്ച അസംതൃപ്തി ഉയർത്തിവിടാൻ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമായ ദുഷിച്ച വികാരങ്ങളെ ഇന്ത്യൻ ജനങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് ദൂരീകരിക്കാൻ വേണ്ടി" യുണൈറ്റഡ് ഇന്ത്യൻ പാടിയോട്ടിക് അസോസിയേഷൻ എന്ന ഒരു പുതിയ സംഘടനയുണ്ടാക്കി. അതേ വർഷത്തിൽത്തന്നെ സർ സയ്യദും നാഷണൽ കോൺഗ്രസിന്റെ നേതാക്കന്മാരും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ ചില ശ്രമങ്ങൾ നടത്തപ്പെടുകയുണ്ടായി. പക്ഷേ, അതെല്ലാം വിഫലമാവുകയാണുണ്ടായത്. കോൺഗ്രസ്സുമായി യോജിക്കാൻ സർ സയ്യദ് തയ്യാറായില്ല. അദ്ദേഹം പറഞ്ഞു: "നാഷണൽ കോൺഗ്രസ് എന്ന വാക്കുകളുടെ അർത്ഥമെന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇന്ത്യയിൽ വിഭിന്നജാതി–മതവിശ്വാസികൾ ഒരൊറ്റ രാഷ്ട്രത്തിൽ പെട്ടവരാണെന്നും അഥവാ അവർക്ക് ഒരു രാഷ്ട്രമായിത്തീരാൻ കഴിയുമെന്നും അവരുടെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും ഒരുപോലെയുള്ളവയാണെന്നുമാണോ കരുതപ്പെടുന്നത്? അത് തീരെ അസാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അത് അസാദ്ധ്യമാണെങ്കിൽ നാഷണൽ കോൺഗ്രസ് എന്ന ഒന്നുണ്ടാകാൻ നിവൃത്തിയില്ല. തെറ്റായി പേരിടപ്പെട്ട നാഷണൽ കോൺഗ്രസ്സിന്റെ ചെയ്തികൾ ഇന്ത്യക്കാർക്കു ഗുണകരമാണെന്നു നിങ്ങൾ പരിഗണിക്കുന്നു. എന്നാൽ, അവ ഞങ്ങളുടെ സ്വന്തം സമുദായത്തിനു മാത്രമല്ല, പൊതുവിൽ ഇന്ത്യയ്ക്ക് തന്നെ ആപൽക്കരമാണെന്നാണ് ഞാൻ കരുതുന്നത്. ഇതു പറയേണ്ടിവന്നതിൽ എനിക്ക് വ്യസനമുണ്ട്. ഇന്ത്യയെ ഒരൊറ്റ രാഷ്ട്രമായി പരിഗണിക്കുന്ന ഏതു കോൺഗ്രസ്സിനെയും, അത് ഏത് ആകൃതിയിലും രൂപത്തിലുമുള്ളതായാലും ശരി, ഞാൻ എതിർക്കും". [8]

---

8. Quoted in Ram Gopal: Indian Muslims, P. 67.

## 8 അവിശ്വാസത്തിന്റെ അന്തരീക്ഷം

ഹിന്ദു നേതാക്കളുടെ മതപുനരുദ്ധാരണ പരിശ്രമങ്ങളാണ് ഇത്തരം വിഭാഗീയ പ്രവണതകളെ ഊർജിതപ്പെടുത്താൻ സഹായിച്ചത്. തിലകനെപ്പോലുള്ള ദേശീയ നേതാക്കന്മാരുടെ പ്രവർത്തനങ്ങൾപോലും മുസ്ലീംവിരുദ്ധ പ്രവണതകളിൽ നിന്നു വിമുക്തമായിരുന്നില്ല. ഇത്തരം പ്രവണതകൾ ഏകീകൃതമായ ഒരു ദേശീയപ്രസ്ഥാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് നിരക്കുന്നതായിരുന്നില്ല. എന്തെന്നാൽ, തീവ്രവാദിരാഷ്ട്രീയ നേതാക്കന്മാർ ദേശീയസന്ദേശം പ്രചരിപ്പിക്കാൻ വേണ്ടി മതത്തെ എത്ര കണ്ടാശ്രയിച്ചുവോ അത്രകണ്ട് അവർ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും പൊതുസമരത്തിൽ നിന്നും അകറ്റി നിർത്തുകയാണ് ചെയ്തത്. മഹാരാഷ്ട്രത്തിലെ ഗണപതിയുൽസവങ്ങളും ഗോവധവിരുദ്ധ സംഘടനകളും, ബംഗാളിലെ ദുർഗാപൂജ, കാശിയിലെ ഉർദുവിരുദ്ധ പ്രക്ഷോഭം, ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പരന്നുപിടിച്ച ആര്യസമാജത്തിന്റെ മതപരിവർത്തനപ്രസ്ഥാനം—ഇവയെല്ലാം തന്നെ മുസ്ലീങ്ങൾക്കിടയിൽ സംശയത്തിന്റെയും അവിശ്വാസത്തിന്റെയും ഒരന്തരീക്ഷം സൃഷ്ടിക്കാൻ സഹായിച്ചു. ഈ അന്തരീക്ഷത്തിൽ നിന്നാണ് ഹിന്ദു–മുസ്ലീം ലഹളകൾ പൊട്ടിപ്പുറപ്പെട്ടത്. 1893-ൽ പൂനയിൽ ഒരു ലഹളയുണ്ടായി. അതിന്റെ യഥാർത്ഥകാരണങ്ങൾ മനസ്സിലാക്കിക്കൊണ്ട് വിഭിന്നസമുദായങ്ങൾ തമ്മിൽ യോജിപ്പുളവാക്കാനുള്ള വഴികളാരായുന്നതിനുപകരം തിലകൻ ഇങ്ങനെ എഴുതി: "മുസ്ലീങ്ങൾ അപരിഷ്കൃതവും ധിക്കാരപരവുമായ ഒരു നിലപാടാണ് കൈക്കൊണ്ടിരിക്കുന്നത്. ഗവണ്മെന്റിൽ നിന്ന് അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രോത്സാഹനത്തിന്റെ ഫലമാണത്". [9]

ബ്രിട്ടീഷ് ഭരണാധികാരികൾ, സ്വാഭാവികമായും, പ്രബുദ്ധരായ മുസ്ലീങ്ങളുടെ മനോഭാവങ്ങളെയും വികാരങ്ങളെയും പൊക്കിക്കാട്ടുകയും രണ്ടു സമുദായങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ തങ്ങൾക്കനുകൂലമായി ചൂഷണം ചെയ്യുകയും ചെയ്തു എന്നതു ശരിയാണ്. അലിഗഡ് കോളേജിലെ പ്രിൻസിപ്പാളായിരുന്ന പ്രൊഫസ്സർ ബെക്കിന്റെ സഹായത്തോടും സജീവമായ പങ്കാളിത്തത്തോടും കൂടിയാണ് 1893-ന്റെ അവസാനത്തിൽ 'മൊഹമ്മദൻ ഡിഫെൻസ് അസോസിയേഷൻ' എന്ന സംഘടന സ്ഥാപിക്കപ്പെട്ടത്. ഈ സംഭവവികാസങ്ങളുടെ ഫലം താഴെ കൊടുക്കുന്ന സ്ഥിതിവിവരക്കണക്കുകളിൽ നിന്നു വ്യക്തമാകും. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന 72 പ്രതിനിധികളിൽ മുസ്ലീങ്ങൾ രണ്ടുപേർ മാത്രമായിരുന്നു. 1889-ൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ 1889 പ്രതിനിധികളിൽ 258 പേർ മുസ്ലീങ്ങളായിരുന്നു. എന്നാൽ, 1905-ലെ സമ്മേളനത്തിൽ സംബന്ധിച്ച 756 പ്രതിനിധികളിൽ 17 പേർ മാത്രമായിരുന്നു മുസ്ലീങ്ങൾ.

പല കോൺഗ്രസ്സ് നേതാക്കളുടെയും വീക്ഷണം ഹിന്ദുമതത്തോട് ചായ്‌വുള്ളതായിരുന്നു എന്ന വസ്തുത നിഷേധിക്കാൻ വയ്യ. എന്നാൽ, ഒരു രാഷ്ട്രീയ സംഘടനയെന്ന നിലയിൽ കോൺഗ്രസ്സിന്റെ പ്രഖ്യാപിതനയം അതായിരുന്നില്ല. അത് വർഗ്ഗീയേതരവും ദേശീയവുമായിരുന്നു. സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ സയ്യദ് അഹമ്മദ്ഖാനെപ്പോലെയുള്ള പ്രബുദ്ധ മുസ്ലീങ്ങളുടെ ഹൃദയപൂർവമായ പങ്കാളിത്തം ഉണ്ടായിരുന്നുവെങ്കിൽ, ഒരുപക്ഷേ, കോൺഗ്രസ്സിന്റെ ഉള്ളടക്കവും പ്രവർത്തന പരിപാടികളും കൂടുതൽ ദേശീയവും കൂടുതൽ ജനകീയവുമായി മാറുമായിരുന്നു. വർഗീയവിഭജനങ്ങളുടെ അടിസ്ഥാനത്തിലുള്ള വിദ്വേഷങ്ങളെയും ശത്രുതാമനോഭാവങ്ങളെയും തരണം ചെയ്യാൻ അതു സഹായിക്കുമായിരുന്നു. പക്ഷേ, സംഭവിച്ചതു നേരെ മറിച്ചാണ്. കോൺഗ്രസ്സിനോടുള്ള മുസ്ലീം നേതാക്കളുടെ എതിർപ്പിനെ ബ്രിട്ടീഷ് ഭരണാധികാരികൾ പ്രോത്സാഹിപ്പിച്ചു. ഇന്ത്യയുടെ ഭരണഘടനാപരമായ പുരോഗതിയെ അനിശ്ചിതകാലത്തേക്ക് നിർത്തിവെക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ വർഗീയ ഭിന്നതകളെ ഉപയോഗപ്പെടുത്തി.

എന്നിരുന്നാലും, സർ സയ്യദ് അഹമ്മദ് അദ്ദേഹത്തിന്റെ സ്വന്തം മാർഗ്ഗത്തിൽ ഒരു ദേശാഭിമാനിയായിരുന്നു. ബ്രിട്ടീഷുദ്യോഗസ്ഥന്മാരിൽ പലരും പ്രദർശിപ്പിച്ചിരുന്ന ധിക്കാരത്തെയും ആധിപത്യമനോഭാവത്തേയും അദ്ദേഹം പലപ്പോഴും വിമർശിച്ചിരുന്നു. ഗവണ്മെന്റിന്റെ പ്രാതിനിധ്യസ്വഭാവത്തെ സംബന്ധിക്കുന്ന തത്വമാണ് ഇന്ത്യയ്ക്ക് ഇംഗ്ലണ്ടിൽ നിന്നു പഠിക്കാൻ കഴിയുന്ന "ഏറ്റവും മികച്ചതും ഉൽകൃഷ്ടവുമായ പാഠം" എന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. പക്ഷേ, ബ്രിട്ടീഷ് ഭരണത്തിന്റെ ഭദ്രദ ഇന്ത്യയുടെ ഉത്തമ താൽപ്പര്യങ്ങൾക്കനുയോജ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ബ്രിട്ടീഷ് ചക്രവർത്തിയുടെ കൈയിൽ നിന്ന് ഇന്ത്യൻ കൈകളിലേക്ക് അധികാരം കൈമാറുന്നതായാൽ അത് മുസ്ലീം ജനസമുദായത്തിന് ഹാനികരമായേക്കുമെന്നും അത് ബ്രിട്ടീഷ് ഭരണത്തിന്റെ സ്ഥാനത്ത് ഹിന്ദുഭരണം ഏർപ്പെടുത്തുന്നതിൽ ചെന്നു കലാശിച്ചേക്കുമെന്നും അദ്ദേഹം ഭയപ്പെട്ടിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സാമ്രാജ്യത്വത്തിനെതിരായ സമരം പുതിയൊരു ഘട്ടത്തിലേക്കു നീങ്ങി. സ്വദേശിക്കും ബഹിഷ്കരണത്തിനും വേണ്ടി നിലകൊണ്ടിരുന്ന തീവ്രവാദികൾ അധികമധികം ജനപ്രിയരായിത്തീർന്നു. കലാപം അന്തരീക്ഷത്തിൽ പരന്നുപിടിക്കാൻ തുടങ്ങി. വികാരവിക്ഷുബ്ധമായ ഈ അന്തരീക്ഷത്തിലാണ് 1905-ൽ ഗവണ്മെന്റ് ബംഗാൾ സംസ്ഥാനത്തെ രണ്ടാക്കി വിഭജിക്കാൻ തീരുമാനിച്ചത്. രാഷ്ട്രീയമായി മുന്നിട്ടു നിൽക്കുന്ന ഹിന്ദുക്കളെ എതിരിടാനും മുസ്ലീങ്ങൾക്കിടയിലെ ഉപരിവർഗ്ഗങ്ങളെ തൃപ്തിപ്പെടുത്താനും അങ്ങനെ ഇരുസമുദായങ്ങൾക്കുമിടയിൽ ശത്രുത്വത്തിന്റെ വിത്തു പാകിക്കൊണ്ട് സാമ്രാജ്യത്വത്തിനെതിരായ സമരത്തെ ദുർബലമാക്കാനുമുള്ള സമർത്ഥമായ ഒരു നീക്കമായിരുന്നു അത്. പുതുതായി സൃഷ്ടിക്കപ്പെട്ട കിഴക്കൻ ബംഗാളിലെയും ആസ്സാമിലെയും ഭൂരിപക്ഷമാളുകൾ മുസ്ലീങ്ങളായിരുന്നു. ഈ പ്രദേശങ്ങളിൽ തങ്ങളുടെ ശക്തി വർദ്ധിപ്പിക്കാൻ കഴിയുമെന്ന വ്യാമോഹം മുസ്ലീം നേതാക്കളെ വിഭജനത്തിന്റെ അനുകൂലികളാക്കി മാറ്റി. പക്ഷേ, ഇത് ദേശീയപ്രസ്ഥാനത്തെ ഭിന്നിപ്പിക്കലായിരുന്നു. അതുകൊണ്ട് കോൺഗ്രസ്സുകാർ, പ്രത്യേകിച്ചും തീവ്രവാദികൾ, വിഭജനത്തെ എതിർത്തു. എന്നാൽ, വിഭജനത്തിനെതിരായ പ്രക്ഷോഭത്തിന് എത്രതന്നെ സാമ്രാജ്യത്വവിരുദ്ധ സ്വഭാവമുണ്ടായിരുന്നെങ്കിലും ഒരു വർഗീയച്ഛായയുമുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ നിരങ്കുശമായ മർദ്ദനങ്ങളോടൊപ്പം തന്നെ 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന തന്ത്രവും സമർത്ഥമായി പ്രയോഗിച്ചുകൊണ്ട് പ്രക്ഷോഭത്തെ നേരിടാൻ ഭരണാധികാരികൾക്കു സാധിച്ചു.

---

9. D. V. Tahmankar: Lokamanya Tilak, P. 55.

## 9 വർഗീയസംഘടനകൾ

1906 ഒക്ടോബറിൽ ആഗാഖാന്റെ നേതൃത്വത്തിൽ പ്രമുഖരായ മുപ്പത്തഞ്ചു മുസ്ലീങ്ങളടങ്ങുന്ന ഒരു പ്രതിനിധിസംഘം വൈസ്രോയിയെ കണ്ട് തിരഞ്ഞെടുപ്പുകളിൽ വർഗീയപ്രാതിനിധ്യം വേണമെന്ന് നിവേദനം നടത്തി. മിന്റോപ്രഭു ആ അവകാശവാദത്തെ സസന്തോഷം സ്വീകരിച്ച് അവരോടിങ്ങനെ പറഞ്ഞു: “നിങ്ങളുടെ പദവി നിങ്ങളുടെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രത്യുത, നിങ്ങളുടെ സമുദായത്തിന്റെ രാഷ്ട്രീയപ്രാധാന്യത്തിന്റെയും അത് സാമ്രാജ്യത്തിന് നൽകിയിട്ടുള്ള സേവനത്തിന്റെയും കൂടി അടിസ്ഥാനത്തിൽ വേണം കണക്കാക്കുകയെന്ന് നിങ്ങൾ ന്യായമായും അവകാശപ്പെടുന്നു”. [10]

മതത്തിന്റെ അടിസ്ഥാനത്തിലുള്ള ന്യൂനപക്ഷ പ്രാതിനിധ്യമെന്ന നയമാണ് ബ്രിട്ടീഷ് ഭരണാധികാരികൾ അംഗീകരിച്ചത്. മതം ഒരു രാഷ്ട്രീയന്യൂനപക്ഷത്തെ നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനമായിത്തീർന്നു. ഈ നയം വർഗീയവികാരങ്ങളെ ഉൽക്കടമാക്കിത്തീർക്കുകയും സ്വാതന്ത്ര്യസമരത്തിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കോൺഗ്രസ് നേതാക്കൾക്ക് ഈ നയത്തിന്റെ നിർവഹണത്തെയോ അതിന്റെ പ്രത്യാഘാതങ്ങളെയോ തടയാൻ കഴിഞ്ഞില്ല. അവരുടെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും ബ്രിട്ടീഷ് ഭരണാധികാരികളുടെ ഗൂഢാലോചനക്കെതിരായി വ്യത്യസ്തസമുദായങ്ങളിലെ ബഹുജനങ്ങളെ ഏകീകരിക്കാൻ സഹായിക്കുന്നവയായിരുന്നില്ല. 1907 ഡിസംബറിൽ അഖിലേന്ത്യാ മുസ്ലീം ലീഗ് രൂപവൽക്കരിക്കപ്പെട്ടു. ലീഗിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും താഴെ പറയുന്നവയായിരുന്നു:

1. ഇന്ത്യൻ മുസ്ലീങ്ങൾക്കിടയിൽ ബ്രിട്ടീഷ് ഗവണ്മെന്റിനോട് കൂറ് വളർത്തുക.
2. ഇന്ത്യൻ മുസ്ലീങ്ങളുടെ രാഷ്ട്രീയവും മറ്റുമായ അവകാശങ്ങൾ സംരക്ഷിക്കുകയും അവരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും മിതമായ ഭാഷയിൽ ഗവണ്മെന്റിന്റെ മുമ്പാകെ ഉന്നയിക്കുകയും ചെയ്യുക.
3. മേൽ പ്രസ്താവിച്ച ഉദ്ദേശ്യങ്ങൾക്കു വിരുദ്ധമാകാത്ത വിധത്തിൽ മുസ്ലീങ്ങളും മറ്റു സമുദായങ്ങളും തമ്മിൽ സൗഹൃദവികാരങ്ങൾ വളർത്തുക.

സാമുദായിക പ്രാതിനിധ്യം വിപുലീകരിക്കണമെന്നും സർവീസുകളിൽ തങ്ങൾക്ക് കൂടുതൽ ഓഹരി ലഭിക്കണമെന്നും ലീഗ് ആവശ്യപ്പെട്ടു. ഹിന്ദുക്കൾക്കിടയിലെ ഉപരിവർഗ്ഗങ്ങൾ ഈ ആവശ്യത്തെ ശക്തിയുക്തം എതിർക്കുകയും “സമുദായത്തിന്റെയാകെ താൽപ്പര്യങ്ങൾ കാത്തുരക്ഷിക്കുന്നതിൽ വ്യഗ്രതയും ജാഗ്രതയും പാലിക്കുന്നതിനുവേണ്ടി” ഹിന്ദുസഭ സംഘടിപ്പിക്കുകയും ചെയ്തു. അഖിലേന്ത്യാഹിന്ദു മഹാസഭയുടെ ആദ്യത്തെ സമ്മേളനം ചേർന്നത് 1915-ൽ മാത്രമാണെങ്കിലും ആദ്യത്തെ ഹിന്ദുസഭ രൂപവൽക്കരിക്കപ്പെട്ടത് 1907-ൽ പഞ്ചാബിൽ വെച്ചാണ്.

അയിത്തക്കാർക്കിടയിലെ ഉണർവ് സ്ഥിതിഗതികളെ കൂടുതൽ കുഴച്ചുമറിച്ചു. അയിത്തോച്ചാടനപ്രശ്നം കോൺഗ്രസ് ഏറ്റെടുത്തത് 1917-ൽ മാത്രമാണ്. പക്ഷേ, അപ്പോഴേക്കും സമയം വളരെ വൈകിപ്പോയിരുന്നു. എന്തുകൊണ്ടെന്നാൽ, അധഃകൃതവർഗ്ഗസംഘടന പ്രത്യേക നിയോജകമണ്ഡലം വേണമെന്നു വാദിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ഈ ആവശ്യത്തെ എതിർത്ത സവർണ്ണഹിന്ദുക്കളുടെ താൽപ്പര്യങ്ങൾ കാത്തുരക്ഷിക്കാൻ വേണ്ടിയാണ് കോൺഗ്രസ് അയിത്തോച്ചാടനം ഏറ്റെടുത്തത് എന്ന ആരോപണം ഉന്നയിക്കപ്പെട്ടു.

ഇങ്ങനെ, മതത്തെയും രാഷ്ട്രീയാവശ്യങ്ങളെയും കൂട്ടിക്കലർത്തിക്കൊണ്ടുള്ള പ്രക്ഷോഭങ്ങൾ തീവ്രവാദശക്തികളെ ഭിന്നിപ്പിക്കാനും വർഗീയതയെ വളർത്താനുമാണ് സഹായിച്ചത്. വർഗീയതയാണ് ബ്രിട്ടീഷ് ഭരണാധികാരികൾ തങ്ങളുടെ “ഭിന്നിപ്പിച്ചു ഭരിക്കൽ” നയം നടപ്പിലാക്കുന്നതിനുപയോഗിച്ച മുഖ്യമായ ഒരുപകരണം. ഹിന്ദു–മുസ്ലീം ബഹുജനങ്ങൾക്കിടയിൽ തൊഴിലിന്റെയും സ്വത്തുടമാവകാശത്തിന്റെയും അടിസ്ഥാനത്തിലുള്ള വർഗ്ഗബോധത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്താനും അതുപകരിച്ചു. മതവിശ്വാസത്തെ നിലനിർത്താനുള്ള ആഹ്വാനം ബഹുജനങ്ങളുടെ മനസ്സിൽ നാടുവാഴിത്തത്തിന്റെ സങ്കുചിതവാസനകളെ നിലനിർത്താൻ സഹായിച്ചു. ഇതു സ്വാഭാവികമായും നാടുവാഴിത്തത്തിനെതിരായ ജനകീയപ്രക്ഷോഭങ്ങളുടെ വ്യാപ്തി കുറയ്ക്കുകയും ചെയ്തു.

---

10. Mehta and Patvardhan: The Communal Triangle in India, PP. 62–63.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014